## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2532.</u> **09/07/2015-**<u>ലെ മറുപടിക്ക്.</u>

### ഹയർസെക്കണ്ടറി വിദ്യാർത്ഥികളിലെ അഭിരുചി പരിശോധന

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ<br>ശ്രീ.പി.തിലോത്തമൻ<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.കെ.അജിത്ത് | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളുടെ അഭിരുചി പരിശോധിക്കുന്നതിനുള്ള പദ്ധതി ഹയർ സെക്കണ്ടറിയുടെ കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം മേഖലകളിലെ അഭിരുചിയാണ് പരിശോധിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) സംസ്ഥാനത്തെ ഹയർ സെക്കൻഡറി വിദ്യാർത്ഥികളുടെ അഭിരുചി പരിശോധിക്കുന്നതിനുള്ള വിശദമായ പദ്ധതി ഹയർ സെക്കൻഡറിയുടെ കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കി വരുന്നു. പദ്ധതി പ്രകാരം Aptitude Test പരീക്ഷ വഴിയാണ് കുട്ടികളുടെ അഭിരുചി നിർണ്ണയിക്കുന്നത്. കുട്ടികളുടെ verbal, Numerical, Mechanical, Spatial, Speed & Accuracy, Attention Concentration എന്നീ മേഖലകളിലാണ് കുട്ടികളുടെ അഭിരുചി നിർണ്ണയിക്കുന്നത്. പരീക്ഷാ ഫലമായി കിട്ടുന്ന ഗ്രാഫ് അപഗ്രഥിച്ചാണ് കുട്ടിയുടെ അഭിരുചി നിർണ്ണയിക്കുന്നത്. |
| (ബി) കരിയർ ഗൈഡൻസ് സെൽ തയ്യാറാക്കിയിട്ടുള്ള റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (ബി) കരിയർ ഗൈഡൻസ് സെൽ അഭിരുചി നിർണ്ണയവുമായി ബന്ധപ്പെട്ട് നടത്തുന്ന വിവിധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1.)വിദഗ്ദ്ധരുടെയും അഭിരുചി നിർണ്ണയ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരുടെയും കൂട്ടായ ചർച്ചയിലൂടെ അഭിരുചി നിർണ്ണയ പരീക്ഷയുടെ |

ചോദ്യാവലി തയ്യാറാക്കുക.

2)വിശദമായ പരീക്ഷണത്തിലൂടെ കേരളത്തിലെ ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്ക് യോജിച്ച രീതിയിൽ ചോദ്യാവലിയെ statndardize ചെയ്യുക.

3)ചോദ്യാവലിയെ കമ്പ്യൂട്ടർ ഭാഷയിലേക്ക് മാറ്റി പ്രത്യേക സോഫ്റ്റ് വെയറായി രൂപപ്പെടുത്തുക.

4)കമ്പ്യൂട്ടർ സോഫ്റ്റ് വെയറിന്റെ ക്ഷമതാ പ രിശോധന നടത്തുക.

5)ആദ്യ ഘട്ടത്തിൽ ഒരു വിദ്യാഭ്യാസ ജില്ലയിൽ കമ്പ്യൂട്ടർ-ഇന്റർനെറ്റ് സൗകര്യമുള്ള സ്കൂൾ നോഡൽ സെന്ററായി തെരഞ്ഞെടുക്കുക..

6)അഭിരുചി പരീക്ഷയുടെ ഗ്രാഫ് അപ ഗ്രഥിക്കുവാൻ നോഡൽ സെന്ററായ സ്ക്കൂളിലെ അധ്യാപകർക്കു പരിശീലനം നൽകുക..

7)അഭിരുചി നിർണ്ണയിക്കപ്പെടുന്ന വിദ്യാർത്ഥിക്കു തനിക്കു ഏതു മേഖലയിലാണ് അഭിരുചി എന്നത് കൗൺസലിംഗിലൂടെ വിദ്യാർത്ഥിക്കും രക്ഷകർത്താവിനും ബോധ്യപ്പെടുത്തുക.

8)അഭിരുചി പരീക്ഷാ സൗകര്യം ഓരോ വിദ്യാഭ്യാസ ജില്ലയിലും സൗജന്യമായി നോഡൽ സെന്റർ വഴി വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുവാൻ സൗകര്യം ഏർപ്പെടുത്തുക.

9)എല്ലാ സ്ക്കൂളുകളിലും അഭിരുചി നിർണ്ണയ പ രീക്ഷ നടത്താനുള്ള സംവിധാനം ഒരുക്കുക.

സെക്ഷൻ ഓഫീസർ.